**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2783** **24-02-2026 - ൽ മറുപടിയ്ക്ക്**

**മനുഷ്യ–വന്യജീവി സംഘർഷ പ്രദേശങ്ങളെ മേഖലകളായി വിഭജിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മനുഷ്യ–വന്യജീവി സംഘർഷം കുറയ്ക്കാൻ വനം വകുപ്പ് തയ്യാറാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ; | (എ) | ഭൂപ്രകൃതി, സംഘർഷങ്ങളിൽ ഉൾപ്പെടുന്ന വന്യജീവികളുടെ ഇനം, ഭൂവിനിയോഗം, സാമൂഹിക-സാമ്പത്തിക പശ്ചാത്തലം, ജനവാസമേഖലകൾ, കാർഷിക മേഖലകൾ തുടങ്ങിയവയുടെ വൈവിധ്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ-നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഇത്തരം സംഘർഷങ്ങൾ കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകൾ അഥവാ ഭൂപ്രദേശങ്ങളായി തിരിച്ചിട്ടുണ്ട്. അവിടെ അനുഭവപ്പെടുന്ന സംഘർഷങ്ങളുടെ രീതിക്കനുസരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും ഏറ്റവും അനുയോജ്യമായ പരിഹാരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലാൻഡ്സ്കേപ്പ് തല മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം ലാൻഡ്സ്കേപ്പ്തല കർമ്മപദ്ധതികളുടെ ആകെത്തുകയായി സംസ്ഥാനതല കർമ്മപദ്ധതിയും തയ്യാറാക്കുന്നുണ്ട്. ഈ കർമ്മപദ്ധതികളുടെ നടത്തിപ്പിന്റെ ഫലപ്രാപ്തി വർഷാവർഷം വിലയിരുത്തി ഭേദഗതികൾ ആവശ്യമായിട്ടുണ്ടെങ്കിൽ ആയത് വരും വർഷങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും നടപ്പിൽ വരുത്തുക. ഇതിലൂടെ വികേന്ദ്രീകൃതവും, പ്രാദേശികമായി അനുയോജ്യവും ഫലപ്രദവുമായ ഇടപെടലുകൾ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്താനാകും. വിവിധ വകുപ്പുകളുടേയും പ്രദേശവാസികളുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹകരണത്തോടെ നടപ്പാക്കുന്ന ദീർഘകാല ലക്ഷ്യങ്ങളും ഹ്രസ്വകാല ലക്ഷ്യങ്ങളും ഉൾപ്പെടുന്ന പരമ്പരാഗത രീതികളും ആധുനിക സാങ്കേതിക വിദ്യകളും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ചുവടെ പറയുന്ന കർമ്മപദ്ധതികളിൽ വിഭാവനം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| | | | മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ വിഷയാധിഷ്ഠിതമായി സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി താഴെ വിവരിക്കും പ്രകാരം 10 മിഷനുകൾ 23/02/2025 ലെ സ.ഉ.(കൈ) നം. 8/2025/വനം പ്രകാരം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.<br><br>1. Mission FFW / Mission Food, Fodder & Water<br>2. Mission Tribal Knowledge (ഗോത്രഭേരി)<br>3. Mission Solar Fencing<br>4. Mission Primary Response Team<br>5. Mission Real Time Monitoring<br>6. Mission Sensitization to Public<br>7. Mission Science on Human Wildlife Conflict<br>8. Mission Bonnet Macaque<br>9. Mission Wild Pig<br>10. Mission SARPA<br>മേൽ 10 മിഷനുകൾ കൂടാതെ സ.ഉ. (കൈ) നം. 1/2026/വനം തീയതി 03/01/2026 പ്രകാരം മിഷൻ മഞ്ഞക്കൊന്ന, മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും എന്നീ രണ്ട് പുതിയ തീവ്രയജ്ഞ മിഷനുകൾ കൂടി നടപ്പാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ മനുഷ്യ–വന്യജീവി സംഘർഷ പ്രദേശങ്ങളെ എത്ര മേഖലകളാക്കി തിരിച്ചിട്ടുണ്ട്; വിശദീകരിക്കാമോ; | (ബി) | ഭൂപ്രകൃതി, സംഘർഷങ്ങളിൽ ഉൾപ്പെടുന്ന വന്യജീവി-കളുടെ ഇനം, ഭൂവിനിയോഗം, സംഘർഷത്തിന്റെ രീതിയും തോതും, പരിഹാരത്തിനായുള്ള ശ്രമങ്ങൾ, സാമൂഹിക-സാമ്പത്തിക പശ്ചാത്തലം, ജനവാസമേ-ഖലകൾ, കാർഷിക മേഖലകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ-നിവാരണ പ്രവർ-ത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഇത്തരം സംഘർഷ-ങ്ങൾ കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകൾ അഥവാ ഭൂപ്രദേശങ്ങളായി തിരിച്ചിട്ടുള്ളതാണ്.<br><br>1. കണ്ണൂർ–ആറളം ലാൻഡ്സ്കേപ്പ് – കണ്ണൂർ വനം ഡിവിഷനുകൾ; ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങൾ.കാസർഗോഡ് സബ്-ലാൻഡ്സ്കേപ്പ് – കാസർഗോഡ് ഡിവിഷൻ<br><br>2. വയനാടൻ ലാൻഡ്സ്കേപ്പ് – നോർത്ത് വയനാട്, സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനുകൾ; വയനാട് വന്യജീവി സങ്കേതം<br>കോഴിക്കോട് സബ്-ലാൻഡ്സ്കേപ്പ്: മലബാർ |

| | | | |
|---|---|---|---|
| | | | വന്യജീവി സങ്കേതത്തിനൊപ്പം കോഴിക്കോട് വനം ഡിവിഷൻ<br><br>3. നിലമ്പൂർ ലാൻഡ്സ്കേപ്പ് – നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് വനം ഡിവിഷനുകൾ; സൈലന്റ് വാലി നാഷണൽ പാർക്ക്, കരിമ്പുഴ വന്യജീവി സങ്കേതം എന്നിവയുടെ ബഫർ സോൺ<br><br>4. മണ്ണാർക്കാട് ലാൻഡ്സ്കേപ്പ് – മണ്ണാർക്കാട് വനം ഡിവിഷൻ; സൈലന്റ് വാലി നാഷണൽ പാർക്കിന്റെ കോർ ഏരിയ<br><br>5. പാലക്കാട് ലാൻഡ്സ്കേപ്പ് – പാലക്കാട് വനം ഡിവിഷൻ<br><br>6. തൃശ്ശൂർ-പീച്ചി ലാൻഡ്സ്കേപ്പ് – തൃശ്ശൂർ, നെന്മാറ വനം ഡിവിഷനുകൾ; പീച്ചി, ചിമ്മിണി വന്യജീവി സങ്കേതങ്ങൾ, പറമ്പിക്കുളം കടുവാ സങ്കേതം, ചൂലന്നൂർ മയിൽ സങ്കേതം<br><br>7. വാഴച്ചാൽ–ചാലക്കുടി ലാൻഡ്സ്കേപ്പ് – വാഴച്ചാൽ, ചാലക്കുടി വനം ഡിവിഷനുകൾ<br><br>8. മലയാറ്റൂർ ലാൻഡ്സ്കേപ്പ് – മലയാറ്റൂർ വനം ഡിവിഷൻ; തട്ടേക്കാട് പക്ഷി സങ്കേതം<br><br>9. മൂന്നാർ–മാങ്കുളം ലാൻഡ്സ്കേപ്പ് – മറയൂർ, മൂന്നാർ, മാങ്കുളം, കോതമംഗലം എന്നീ വനം ഡിവിഷനുകളും, കോട്ടയം വനം ഡിവിഷന്റെ ഭാഗിക പ്രദേശങ്ങളും കൂടാതെ ഇടുക്കി, മൂന്നാർ വന്യജീവി സങ്കേതങ്ങളും<br><br>10. പെരിയാർ-റാന്നി ലാൻഡ്സ്കേപ്പ് – കോട്ടയം, റാന്നി വനം ഡിവിഷനുകളുടെ ഭാഗം; പെരിയാർ കടുവാ സങ്കേതം<br><br>11. കോന്നി-തെന്മല ലാൻഡ്സ്കേപ്പ് – കോന്നി, അച്ചൻകോവിൽ, പുനലൂർ, തെന്മല വനം ഡിവിഷനുകൾ<br><br>12. അഗസ്ത്യമല-തിരുവനന്തപുരം ലാൻഡ്സ്കേപ്പ് – തിരുവനന്തപുരം വനം ഡിവിഷൻ, അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, ശെന്തുരുണി, നെയ്യാർ, പേപ്പാറ വന്യജീവി സങ്കേതങ്ങൾ. |
| (സി) | കേരളത്തിൽ മനുഷ്യ–വന്യജീവി സംഘർഷം രേഖപ്പെടുത്തിയിരിക്കുന്ന പഞ്ചായത്ത് പ്രദേശങ്ങളുടെ എണ്ണം എത്ര; | (സി) | സംസ്ഥാനത്തെ 273 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി മാപ്പ് ചെയ്തിട്ടുണ്ട്. |
| (ഡി) | മനുഷ്യ വന്യജീവി സംഘർഷം രൂക്ഷമായ ഹോട്ട് സ്പോട്ടുകൾ ഏതൊക്കെയാണ്; വിവരിക്കാമോ? | (ഡി) | സംസ്ഥാനത്തെ 273 പഞ്ചായത്തുകളിൽ മനുഷ്യ-വന്യജീവി സംഘർഷമുള്ളതായും 30 പഞ്ചായത്തുകളിൽ അധികമായി അനുഭവപ്പെടുന്ന |

| | | | |
|---|---|---|---|
| | | | ഹോട്സ്പോട്ടുകളായും വിലയിരുത്തിയിട്ടുണ്ട്. ഹോട്ട്സ്പോട്ടുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| # | വിഭാഗം | പഞ്ചായത്ത് / മുനിസിപ്പാലിറ്റി |
|---|---|---|
| 1 | അതി തീവ്ര സംഘർഷ ബാധിതം | മാനന്തവാടി (മുനിസിപ്പാലിറ്റി) |
| 2 | | സുൽത്താൻ ബത്തേരി |
| 3 | | കുട്ടമ്പുഴ |
| 4 | | മാങ്കുളം |
| 5 | | നൂൽപ്പുഴ |
| 6 | | പനമരം |
| 7 | | തവിഞ്ഞാൽ |
| 8 | | തിരുനെല്ലി |
| 9 | | തൊണ്ടർനാട് |
| 10 | തീവ്ര സംഘർഷ ബാധിതം | അഗളി |
| 11 | | ആറളം |
| 12 | | ആര്യങ്കാവ് |
| 13 | | അയ്യമ്പുഴ |
| 14 | | കാന്തല്ലൂർ |
| 15 | | കേളകം |
| 16 | | കോടശ്ശേരി |
| 17 | | കുവപ്പടി |
| 18 | | കൊട്ടപ്പാടി |
| 19 | | കൊട്ടിയൂർ |
| 20 | | കുളത്തുപ്പുഴ |
| 21 | | മീനങ്ങാടി |
| 22 | | മുള്ളംകൊല്ലി |
| 23 | | പയ്യാവൂർ |
| 24 | | പെരിങ്ങമ്മല |
| 25 | | പിണ്ടിമന |
| 26 | | പൂത്താടി |
| 27 | | പുൽപ്പള്ളി |
| 28 | | ഷോളയാർ |
| 29 | | വെള്ളമുണ്ട |
| 30 | | വേങ്ങൂർ |